നൽകിവരുന്നു. ഈ പദ്ധതി പ്രകാരം ഉല്പാദക ചെറുകിട സഹകരണ സംഘങ്ങളിൽ നിന്നും നിശ്ചിത വിലനൽകി ഉല്പന്നങ്ങൾ സംഭരിക്കുകയും ഇത് കയറ്റുമതിക്കാർക്ക് കയർ കോർപ്പറേഷൻ നൽകുകയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം ചെറുകിട ഉല്പാദന സഹകരണ സംഘങ്ങൾക്ക് 3%, കയറ്റുമതിക്കാർക്ക് 7.5% എന്ന രീതിയിൽ ഇൻസെന്റീവും കയർ കോർപ്പറേഷന് 3% സർവ്വീസ് ചാർജ്ജും സർക്കാർ ഫണ്ടിൽനിന്നും നൽകുന്നു.

(സി) ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണനം കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

തൊണ്ട് സംഭരണം

208(3131) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തൊണ്ട് സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊണ്ട് സംഭരണ പദ്ധതി 16-1-2012 മുതൽ പരിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. തൊണ്ട് സംഭരിക്കുന്നതിന് തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് നൽകിയിരുന്ന 5.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് കടത്തുകൂലിയുടെ 50% ഗ്രാന്റ് എന്നിവ തുടർന്നും നൽകുന്നതിനോടൊപ്പം ചുവടെ സൂചിപ്പിക്കുന്ന കാര്യങ്ങൾകൂടെ ഉൾപ്പെടുത്തിയാണ് 16-1-2012 മുതൽ പദ്ധതി പരിഷ്കരിച്ചു നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1. തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നു.

2. തൊണ്ട് സംഭരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് പ്രതിദിനം നൽകിയിരുന്ന പരമാവധി പ്രതിദിന വേതനം 100 രൂപയിൽനിന്ന് 150 രൂപയായി വർദ്ധിപ്പിച്ചു.

3. സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചത്തൊണ്ടിന് 10 പൈസയിൽനിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽനിന്നും 10 പൈസയായും വർദ്ധിപ്പിച്ചു.

4. ഡീഫൈബറിംഗ് മെഷീൻ ഉള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ സംഘത്തിലെ ഉല്പാദനത്തിന് സംഭരിക്കേണ്ടിവരുന്ന തൊണ്ട് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ സംഘം മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകുന്ന മാനദണ്ഡ പ്രകാരമുള്ള പ്രതിദിനം ലഭിക്കുന്ന 100 രൂപ സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവ് ലഭിക്കുന്നതിന് അർഹരാക്കി.

5. പ്രോജക്ട് ലെവൽ ഹസ്ബ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി.

(ബി) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളിലൊന്ന് ആവശ്യമായത്ര ചകിരിയുടെ ദൗർലഭ്യമാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 50% തൊണ്ടെങ്കിലും ഇവിടെത്തന്നെ സംസ്കരിച്ച് ചകിരിനാര് ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൊണ്ട് സംഭരണ പദ്ധതി 2010 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ ലക്ഷ്യം മുൻനിർത്തി തന്നെയാണ് ഈ പദ്ധതി പരിഷ്കരിച്ചത്.

(സി) തൊണ്ട് സംഭരണ പദ്ധതിപ്രകാരം ധനസഹായത്തിനുള്ള അർഹത ചകിരി നിർമ്മാണം നടത്തുന്ന എല്ലാ മില്ലുകൾക്കും തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും കൺസോർഷ്യങ്ങൾക്കുമാണ്. തൊണ്ട് സംഭരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും ഫീൽഡുതല കമ്മിറ്റികളുടെ ഘടനയിൽ മാറ്റം വരുത്തിയുമാണ് പദ്ധതി പരിഷ്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർദ്ധിപ്പിച്ച രീതിയിലുള്ള ഇൻസെന്റീവ് സഹകരണ-സ്വകാര്യ മേഖലകൾക്ക് നൽകാൻ നടപടി സ്വീകരിച്ചു. ഡീ-ഫൈബറിംഗ് മില്ലുകൾക്ക് ഇത് നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് അംഗീകാരം നൽകിക്കഴിഞ്ഞു.

കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം

209(3132) ശ്രീ. കെ. അജിത് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ കയറിന്റെ അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തുനിന്നും ലഭിക്കുന്ന തൊണ്ടിന്റെ സംഭരണത്തിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കയർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കയർ ഡീ-ഫൈബറിംഗ് മേഖലയിൽ തൊണ്ടിന്റെ ലഭ്യതക്കുറവ് അനുഭവപ്പെട്ടിട്ടുണ്ട്.

(ബി) തൊണ്ട് സംഭരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരണത്തിനായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി ഓരോ കൺസോർഷ്യത്തിനും 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൺസോർഷ്യങ്ങൾക്കു പുറമെ ചെറുതും വലുതുമായ ഡീ-ഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കുന്നു.

807/2017

LIBRARY ARCHIVES Kerala Legislative Assembly